"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തസ്വഭവ- കേരള വാട്ടർ അതോറിറ്റിയിൽ കുടിവെള്ള പദ്ധതിക്കായി ഡെപ്പോസിറ്റ് ചെയ്തതിൽ തിരികെ ലഭിച്ച ബാക്കി തുകയിൽ നിന്ന് 3,40,310 രൂപ കേരള വാട്ടർ അതോറിറ്റിയുടെ പമ്പ് ഹൗസിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് 160 KVA യുടെ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിലേക്കായി, KSEB-യിൽ ഒടുക്കുന്നതിനു അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2663/2025/LSGD തീയതി,തിരുവനന്തപുരം, 05-11-2025

---

പരാമർശം:-

1. എഴുമറ്റൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 29.08.2024-ലെ തീരുമാനം നമ്പർ 8(1)
2. പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.05.2025-ലെ കത്ത് (SRG/507/25 - CC/136/2025)
3. 21.08.2025-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി യോഗത്തിലെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.38

**ഉത്തരവ്**

എഴുമറ്റൂർ ഗ്രാമപഞ്ചായത്തിലെ 11 വാർഡുകളിൽ കുടിവെള്ളമെത്തിക്കുന്നത് 5-ാം വാർഡിലെ കാരമലയിലുള്ള കേരള വാട്ടർ അതോറിറ്റി വാട്ടർ ടാങ്കിൽ വെള്ളം ശേഖരിച്ചാണ്. പുറമറ്റം ഗ്രാമപഞ്ചായത്തിലെ പടുതോട് എന്ന സ്ഥലത്തുള്ള കേരള വാട്ടർ അതോറിറ്റിയുടെ കിണറിൽ നിന്നും വെള്ളം പമ്പു ചെയ്താണ് കേരള വാട്ടർ അതോറിറ്റി വാട്ടർ ടാങ്കിൽ ജലമെത്തിക്കുന്നത്. പമ്പിംഗ് നടത്തുന്നതിന് 40 HP യുടെയും 50 HPയുടെയും മോട്ടോർ പ്രവർത്തിപ്പിക്കാൻ നിലവിലുള്ള 100 KVAയുടെ ട്രാൻസ്ഫോർമറിന് ശേഷിയില്ല. അതിനാൽ 160 KVAയുടെ ട്രാൻസ്ഫോർമർ സ്ഥാപിക്കുനന്തിനായി 3,40,310 രൂപ നൽകണമെന്ന് KSEB ആവശ്യപ്പെട്ടിരുന്നു. കേരള വാട്ടർ അതോറിറ്റിയ്ക്ക് ഈ തുക നൽകാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്ന് അറിയിച്ചിരുന്നു.

2. എഴുമറ്റൂർ ഗ്രാമപഞ്ചായത്ത് 2020-21 വർഷം വിവിധ വാർഡുകളിൽ കുടിവെള്ളമെത്തിക്കുന്നതിന് 23.00 ലക്ഷം രൂപയുടെ പ്രോജക്ട് ഏറ്റെടുക്കുകയും ഈ തുക കേരള വാട്ടർ അതോറിറ്റിയിൽ ഡിപ്പോസിറ്റായി അടയ്ക്കുകയും ചെയ്തിരുന്നു. ഇതിൽ 18,53,671 രൂപ ചെലവഴിച്ച ശേഷം ബാക്കി 4,46,329 രൂപ കേരള വാട്ടർ അതോറിറ്റി ഗ്രാമപഞ്ചായത്തിന് തിരികെ നൽകിയിരുന്നു.

വെണ്ണിക്കുളം സൗത്ത് ഇന്ത്യൻ ബാങ്കിൽ സൂക്ഷിച്ചിട്ടുള്ള പ്രസ്തുത തുകയിൽ നിന്ന് 3,40,310 രൂപ KSEB യിൽ ഡെപ്പോസിറ്റ് ചെയ്ത് 160 KVA യുടെ ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ അനുമതി നൽകണമെന്നു ആവശ്യപ്പെട്ട് പഞ്ചായത്ത് ഭരണ സമിതിയുടെ പരാമർശം (1) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി പരിഗണിക്കുകയും കുടിവെള്ള പദ്ധതിക്കായി കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തതിൽ തിരികെ ലഭിച്ച ബാക്കി തുക ആയതിനാലും കുടിവെള്ള പദ്ധതിക്കുവേണ്ടി ആയതിനാലും പ്രത്യേക പരിഗണന നൽകി അനുമതി നൽകുന്നതിന് പരാമർശം (3) പ്രകാരം തീരുമാനിക്കുകയും ചെയ്തിരുന്നു

3.സർക്കാർ ഇക്കാര്യം പരിശോധിച്ചു. കുടിവെള്ള പദ്ധതിക്കായി കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തതിൽ തിരികെ ലഭിച്ച ബാക്കി തുകയിൽ നിന്ന് 3,40,310 രൂപ കേരള വാട്ടർ അതോറിറ്റിയുടെ പമ്പ് ഹൗസിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് 160 KVA യുടെ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിലേക്കായി KSEB-യിൽ ഒടുക്കുന്നതിനു എഴുമറ്റൂർ ഗ്രാമപഞ്ചായത്തിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിലൻ എലിസബേത്ത് ജോർജ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
സെക്രട്ടറി, എഴുമറ്റൂർ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്I /ആഡിറ്റ് II ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Shaija R M
സെക്ഷൻ ഓഫീസർ
Date: 05-11-2025 10:50:47